# നാളികേരം
# പട്ടിണി മരണം
# മഴ

നാളികേരത്തിന്റെ വിലയിടിവ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ അങ്ങേയറ്റം ദോഷകരമായി ബാധിക്കുന്നു. പക്ഷേ, നാളികേരത്തിന്റെ വിലയിടിവിന് കാരണമാകുന്ന പല ഘടകങ്ങളിൽ ഒന്ന് കേരകർഷകരുടെ തന്നെ സ്വാർത്ഥതയാണ്.

നാളികേരത്തിന് കഴിയാവുന്നത്ര കൂടുതൽ വില കിട്ടണമെന്നും അതേ സമയം വെളിച്ചെണ്ണ ഏറ്റവും കുറഞ്ഞ വിലക്ക് കിട്ടണമെന്നും ഒരാൾ തന്നെ ആഗ്രഹിക്കുന്നതിലെ വൈരുദ്ധ്യം നോക്കൂ. വെളിച്ചെണ്ണയേക്കാൾ 10 രൂപ കുറവിൽ പാമോയിൽ കിട്ടിയാൽ വെളിച്ചെണ്ണ വേണ്ടെന്നു വെച്ച് പാമോയിൽ വാങ്ങാൻ പോകുന്നവന് നാളികേരത്തിന്റെ വില കുറയുമ്പോൾ ഖേദിക്കാൻ എന്തു ന്യായം?

കേരളത്തിലെ തന്നെ കോർപ്പറേഷൻ ഭാഗങ്ങളിലും ഉത്തരേന്ത്യയിൽ മലയാളികൾ താമസിക്കുന്ന നഗരങ്ങളിലും നാളികേരം ഇപ്പോഴും അഞ്ചും, ആറും, ഏഴും രൂപക്ക് തന്നെയാണ് വിൽക്കുന്നത്. കേരകർഷകരുടെ ഒരു ചെറിയ സഹകരണ സംഘം ഉണ്ടാക്കി ഇത്തരം വാണിജ്യ കേന്ദ്രങ്ങളിൽ കർഷകർ നേരിട്ട് നാളികേരമെത്തിക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കാൻ ഇതു വരെ കേരകർഷകന് തോന്നിയിട്ടുണ്ടോ? ഈ അലസത, എല്ലാം സർക്കാരിന്റെ മാത്രം ചുമതലയായി കാണുന്ന സ്വഭാവം, മാറാത്തിടത്തോളം കാലം നമുക്ക് മേൽഗതിയില്ല.

പത്രങ്ങളിൽ പട്ടിണി മരണങ്ങളായി വാർത്താ പ്രാധാന്യം നേടുന്ന മരണങ്ങൾ നോക്കുക. പലപ്പോഴും അത്തരം മരണങ്ങൾക്ക് പിന്നിൽ മലയാളിയുടെ ദുരഭിമാനമാണെന്നു കാണാം. പണിയെടുക്കാൻ തയ്യാറുള്ള കേരളീയന് പണി കിട്ടാത്ത ഇടമല്ല കേരളം. കേരളത്തിലെ തൊഴിലാളി വർഗ്ഗം ഇപ്പോൾ തമിഴൻമാരാണ്. പട്ടിണി കിടന്ന് ചത്താലും കൈകോട്ടെടുത്തു കിളക്കുന്ന പണിക്ക് പോകില്ല എന്ന് വാശിപിടിച്ചാൽ, ആ വാശി കാരണം മരിക്കേണ്ടി വന്നാൽ, അത് പട്ടിണി മരണമോ ആത്മഹത്യയോ? കൂലി വേലയെ ഇത്ര നികൃഷ്ടമായി കാണുന്ന ഒരു സമൂഹം വേറെ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഈ മനോരോഗത്തിനുള്ള ചികിത്സ ലഭിച്ചില്ലെങ്കിൽ പട്ടിണി മരണങ്ങൾ ഇനിയും തുടരും.

മഴക്കാലമായിട്ടും മഴ ഒഴിഞ്ഞു മാറി നിൽക്കുകയാണ്. പ്രകൃതി ചതിച്ചു എന്നാണ് പത്രങ്ങൾ അച്ചു നിരത്തുന്നത്. പ്രകൃതി ചതിക്കണമെങ്കിൽ പ്രകൃതിയോട് നമ്മളെന്തെങ്കിലും കൊലച്ചതി ചെയ്തിരിക്കണം എന്ന കാര്യം മനപൂർവ്വം വിട്ടു കളയുന്നു. വനനശീകരണം, അന്തരീക്ഷ മലിനീകരണം, അണക്കെട്ടുകൾ ജല ദുർവിനിയോഗം ..... മനുഷ്യന്റെ ഈ അക്രമങ്ങൾക്ക് മറുപടിയായി പ്രകൃതിക്കു പ്രതികരണമൊന്നും ഉണ്ടാവില്ലെന്ന് കരുതുന്നതല്ലേ വിഡ്ഢിത്തം.